**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6456** | **03-04-2018 ലെ മറുപടി**

## ഹരിത കേരള മിഷന്റെ ഭാഗമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഹരിത കേരള മിഷന്റെ ഭാഗമായി ജല സംരക്ഷണ പ്രവർത്തനത്തിനായി ഈ വർഷം എത്ര രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്; | (എ) & (ബി) | 2017-18 ബജറ്റിൽ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളുടെ പുനഃരുദ്ധാരണത്തിനായി 5 കോടി രൂപയും, എം.ഐ.ക്ലാസ്-I, എം.ഐ.ക്ലാസ്-II, ഹരിതകേരളം പ്രവൃത്തികൾക്കായി 10 കോടി രൂപയും വകയിരുത്തിയിരുന്നു. ഇതിന് ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി) - ലക്ഷ്യങ്ങൾക്കനുസൃതമായി ഏകദേശം 31.57 കോടി രൂപയുടെ പ്രവൃത്തികൾ ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട ജില്ല തിരിച്ചുള്ള പ്രവർത്തനങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.<br><br>ഇതു കൂടാതെ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലൂടെ ഒഴുകിയിരുന്ന പൂർണ്ണമായും നികന്നുപോയ 9.4 കിലോമീറ്റർ നീളമുള്ള വരട്ടാർ ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ജനകീയമായി വീണ്ടും വെട്ടിയുണ്ടാക്കി പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സാധ്യമാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പള്ളിക്കലാർ, കോലറയാർ എന്നിവ പുനരുജ്ജീവിപ്പിച്ചു. കണ്ണൂർ ജില്ലയിലെ കാനാമ്പുഴയുടെ പുനരുജ്ജീവനം സാധ്യമാക്കി. ഇതുകൂടാതെ മാലിന്യം നിറഞ്ഞുകിടന്നിരുന്ന തൃശ്ശൂർ ജില്ലയിലെ 15 കിലോമീറ്റർ നീളമുള്ള പെരുംതോട് ജനകീയമായി ശുചിയാക്കി. |
| (ബി) | എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## ഹരിതകേരളം മിഷന്റെ ജലഉപദൗത്യത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

| ക്രമ നം. | ജില്ല | കിണറുകളുടെ റീച്ചാർജ്ജിംഗ് | കുളങ്ങളുടെ നിർമ്മാണം (എണ്ണം) | കുളങ്ങളുടെ നവീകരണം | തോടുകൾ(കിലോ മീറ്റർ) | | | കനാലുകൾ (കിലോ മീറ്റർ) |
|---|---|---|---|---|---|---|---|---|
| | | | | | വൃത്തിയാക്കിയത് | പുനരുജ്ജീവിപ്പിച്ചവ | പുതുതായി നിർമ്മിച്ചവ | വൃത്തിയാക്കിയവ |
| 1 | തിരുവനന്തപുരം | 1139 | 1859 | 432 | 112.00 | 3398.00 | 0 | 91 |
| 2 | കൊല്ലം | 10600 | 119 | 188 | 50.93 | 937.64 | 0.45 | 2 |
| 4 | പത്തനംതിട്ട | 1636 | | | 71.31 | 117.10 | 0 | 151 |
| 3 | ആലപ്പുഴ | 1961 | 303 | 7163 | 303.75 | 718.95 | 5.17 | 52.6 |
| 5 | കോട്ടയം | 592 | 79 | 16 | 58.24 | 95.00 | 1 | 10.52 |
| 6 | ഇടുക്കി | 1013 | 607 | 140 | 7.10 | 331.07 | 0 | 2.004 |
| 7 | എറണാകുളം | 5208 | 10 | 424 | 500.87 | 1660.72 | 3.8 | 297.21 |
| 8 | തൃശ്ശൂർ | 1704 | 348 | 273 | 507.70 | 246.00 | 1.2 | 99.85 |
| 9 | പാലക്കാട് | 850 | 473 | 1660 | 38.72 | 832.00 | 0.1 | 3.6 |
| 10 | മലപ്പുറം | 1013 | 278 | 238 | 324.90 | 331.07 | 0 | 478 |
| 11 | കോഴിക്കോട് | 351 | 46 | 130 | 9.00 | 202.50 | 1.2 | 155.8 |
| 12 | വയനാട് | 59 | 665 | 31 | 192.00 | 18.50 | 2.2 | 122.8 |
| 13 | കണ്ണൂർ | 1425 | 62 | 39 | 221.00 | 85.05 | 0.2 | 13.02 |
| 14 | കാസർഗോഡ് | 1511 | 127 | 275 | 69.60 | 213.13 | 2.44 | 1.6 |
| | ആകെ | 29062 | 4976 | 11009 | 2467.12 | 9186.723 | 17.76 | 1481.004 |

സെക്ഷൻ ഓഫീസർ